ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിൽ നിന്നും 6 പൊതുവായ ഉത്തരവുകൾ പുപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഏറനാട് താലൂക്കിൽ പെരുകമണ്ണ വില്ലേജിൽ സർവ്വേ നമ്പർ 354, 11/1-9 ൽപ്പെട്ട സ്ഥലത്ത് ബിസ്മി ഗ്രാനൈറ്റ്സ് എന്ന സ്ഥാപനത്തിന് ക്വാറീയിംഗ് ലീസ് അനുവദിച്ചതാണ്. എന്നാൽ പ്രസ്തുത സ്ഥലം പ്രത്യേകാവശ്യത്തിനായി പതിച്ചു കൊടുത്ത ഭൂമിയിൽ ആണെന്ന് നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-10-2014 ന് ജില്ലാ കളക്ടർ ക്വാറി പ്രവർത്തനം നിർത്തിവയ്പിക്കുകയുണ്ടായി. തുടർന്ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11-11-2015-ലെ സ.ഉ.(എം.എസ്)നമ്പർ 593/15/റവന്യൂ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥലത്തെ ഖനനത്തിനെതിരായി നിലനിന്നിരുന്ന സ്റ്റേ ജില്ലാകളക്ടർ 20-11-2015 തീയതിയിലെ ഇ 7-56270/2014 നമ്പർ ഉത്തരവുപ്രകാരം പിൻവലിച്ച ആയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ക്വാറിക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

ഖാദി വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി

219 (604) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഖാദി വ്യവസായത്തെ സംരക്ഷിക്കുന്നതിനും അടച്ചുപൂട്ടിയ ഖാദി യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, വിശദമാക്കാമോ?

ഉത്തരം

ഖാദി വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതി വിഹിതം ഉപയോഗിച്ച് പുതിയ വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം സ്പെയർപാർട്സ് വാങ്ങൽ, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, റെഡിമെയ്ഡ് പാവ് യൂണിറ്റ് സ്ഥാപിക്കൽ, ഖാദി തൊഴിലാളികൾക്ക് ഇൻസെന്റീവ് നൽകൽ, ഖാദി സ്ഥാപനങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പുനരുദ്ധാരണ ഗ്രാന്റ്, എറ്റുക്കുടുക്ക പരുത്തി സംസ്കരണ കേന്ദ്രത്തിന്റെ വിപുലീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഖാദി മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധി ലക്ഷ്യമാക്കി തറികളുടെയും ചർക്കകളുടെയും ആധുനികവൽക്കരണത്തിനുവേണ്ടി ഈ മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച ശ്രീ. പി. ഗോപിനാഥൻ നായർ ചെയർമാനായ കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 29.46 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകുകയും 15.21 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. വ്യത്യസ്ത ശീർഷകങ്ങളിൽപ്പെടുത്തി പദ്ധതി ഇനത്തിൽ കൂടുതൽ തുക അനുവദിച്ച് ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെന്നൈ IIT-യുടെ സാങ്കേതിക സഹായത്തോടെ ഉല്പാദക ഉപകരണങ്ങളായ ചർക്കകളുടെയും തറികളുടെയും ആധുനികവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അതൊടൊപ്പം ഖാദി ക്ലസ്റ്റർ പദ്ധതികളും നടപ്പിലാക്കിവരുന്നു. ഖാദി മേഖലയിലെ തൊഴിലാളികൾക്ക് നൽകിവരുന്ന ഉല്പാദന ഇൻസെന്റീവ് ഇരട്ടിയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഖാദി മേഖലയിൽ മിനിമം വേതനം ഫലപ്രദമായി നടപ്പിലാക്കിയത് 2011 മുതലാണ്. സംസ്ഥാനത്തെ ഖാദി തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 1-4-2014 മുതൽ ഖാദി തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയുടെ ഗുണഭോക്താക്കളായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമായി തുടങ്ങിയതോടെ കൂടുതൽ തൊഴിലാളികൾ ഈ മേഖലയിലേക്ക് കടന്നുവരുന്നുണ്ട്. ഇതുമൂലം കൂടുതൽ ഉൽപാദന കേന്ദ്രങ്ങൾ ആരംഭിക്കാനായിട്ടുണ്ട്. ഖാദി ഉല്പാദന കേന്ദ്രങ്ങൾ പ്രവൃത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളേയും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

പ്രാഥമിക കൈത്തറി സംഘങ്ങൾ

220 (605) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാഥമിക കൈത്തറി സംഘങ്ങളുടെ റിബേറ്റ് കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേജസ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?